"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഹരിതകർമ്മസേന യൂസർ ഫീസ് ഈടാക്കുന്നത് - സ്പഷ്ടീകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2481/2023/LSGD തീയതി,തിരുവനന്തപുരം, 13-12-2023

---

പരാമർശം:- 1. 12.08.2020 ലെ സ.ഉ.(സാധാ)നം 1496/2020/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

ഹരിതകർമ്മസേന യൂസർ ഫീസ് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള പരാമർശ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് താഴെ പറയും പ്രകാരം സ്പഷ്ടീകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**1.അഗതി, ആശ്രയ അതിദരിദ്ര വിഭാഗക്കാർക്ക് യൂസർ ഫീസിലുള്ള ഇളവ് നൽകുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനം വഹിക്കേണ്ടതാണ്.**

പരാമർശം 1 സർക്കാർ ഉത്തരവിലെ ഖണ്ഡിക 21(ii)-ൽ ബി. പി. എൽ, ആശ്രയ കുടുംബാംഗങ്ങളുടെ യൂസർ ഫീ ഇളവ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. കേവലം ബി പി എൽ എന്ന് ഉത്തരവിൽ രേഖപ്പെടുത്തിയിരിക്കുന്നത് യൂസർ ഫീസ് ഇളവ് നൽകേണ്ട കുടുംബങ്ങൾ സംബന്ധിച്ച് അവ്യക്തതയ്ക്ക് കാരണമാകാൻ സാധ്യതയുണ്ട്. ആയതിനാൽ പരാമർശം 1 ഉത്തരവിലെ 21(ii)-ൽ അഗതി, ആശ്രയ, അതിദരിദ്ര കുടുംബങ്ങൾ എന്നാക്കി ഭേദഗതി വരുത്തുന്നു. കൂടാതെ യൂസർ ഫീ ഇളവിന് അർഹതയുള്ള മറ്റ് കുടുംബങ്ങൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഗ്രാമസഭ/വാർഡുസഭയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇളവ് നൽകാവുന്നതാണ്. ഇത്തരത്തിൽ യൂസർഫീ ഒഴിവാക്കുന്ന കുടുംബങ്ങളുടെ യൂസർ ഫീസിന്റെ തുക തദ്ദേശ സ്വയംഭരണ സ്ഥാപനം ഹരിതകർമ്മസേനയ്ക്ക് നൽകേണ്ടതാണ്. ഇതിനായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തുക വകയിരുത്താവുന്നതാണ് .

**2.പൂട്ടിയിട്ടിരിക്കുന്ന കെട്ടിടങ്ങൾക്ക് യൂസർ ഫീസ് ഒഴിവാക്കുന്നത് സംബന്ധിച്ച്**

കെട്ടിടം പൂട്ടിക്കിടക്കുന്നതായും ടി കെട്ടിടത്തിൽ മാലിന്യം ഉൽപാദിക്കുന്നില്ലെന്നുള്ള കെട്ടിട ഉടമയുടെ സ്വയം സാക്ഷ്യപ്പെടുത്തലിന്റെയും തുടർന്നുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിശോധനയുടെയും അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയ്ക്ക് യൂസർ ഫീസ് ഒഴിവാക്കി നൽകാവുന്നതാണ്. ഇത്തരത്തിൽ യൂസർ ഫീസ് ഒഴിവാക്കിയ കെട്ടിടം ഉപയോഗിക്കുന്നില്ലെന്നും, മാലിന്യം ഉൽപാദിപ്പിക്കുന്നില്ലെന്നും ബന്ധപ്പെട്ട ഹരിത കർമ്മസേന ഉറപ്പ് വരുത്തേണ്ടതുമാണ്. യൂസർ

ഫീസ് ഒഴിവാക്കിയ കെട്ടിടം ഉപയോഗിക്കുന്നതായും മാലിന്യം ഉൽപ്പാദിപ്പിക്കുന്നതായും ബന്ധപ്പെട്ട ഹരിത കർമ്മസേന തദ്ദേശ സ്ഥാപനത്തിന് റിപ്പോർട്ട് ചെയ്യുകയാണെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി/ഉദ്യോഗസ്ഥൻ നേരിട്ട് അന്വേഷണം നടത്തേണ്ടതും, കെട്ടിടം ഉപയോഗിക്കുന്നതായും മാലിന്യം ഉൽപ്പാദിപ്പിക്കുന്നതായും ബോധ്യപ്പെട്ടുകയാണെങ്കിൽ, ടി കെട്ടിടത്തിന് യൂസർ ഫീസും, നിയമലംഘനത്തിന് നിലവിലുള്ള പരമാവധി പിഴയും ഈടാക്കാവുന്നതാണ്.

**3.വാടക കെട്ടിടങ്ങളുടെ യൂസർ ഫീസ്**

ഖരമാലിന്യം ചട്ടം പ്രകാരം മാലിന്യം ഉൽപ്പാദകരുടെ പൂർണ്ണ ഉത്തരവാദിത്തമാണ് മാലിന്യ സംസ്കരണം. ആയതിനാൽ വാടക കെട്ടിടം ഉപയോഗിക്കുന്നവർ തദ്ദേശ സ്വയംഭരണ സ്ഥാപനം ചുമത്തിയിട്ടുള്ള യൂസർ ഫീസ് അടയ്ക്കാൻ ബാധ്യസ്ഥരാണ്. ഇതു സംബന്ധിച്ച ഉടമ്പടി (യൂസർ ഫീസ് ഉൾപ്പെടെ വാടകയിൽ ഉൾപ്പെടുത്തി കെട്ടിട ഉടമ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അടവാക്കുന്നത്/ യൂസർ ഫീസ് വാടകക്കാർ നേരിട്ട് അടവാക്കുന്നത്) കെട്ടിട ഉടമയും വാടകക്കാരും തമ്മിലുള്ള വാടക കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.

**4.വാടക കെട്ടിടം അഗതി, ആശ്രയ അതിദരിദ്ര വിഭാഗക്കാരാണ് ഉപയോഗിക്കുന്നതെങ്കിൽ**

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി/ ഉദ്യോഗസ്ഥന്റെ അന്വേഷണത്തിൽ അഗതി, ആശ്രയ, അതിദരിദ്ര വിഭാഗക്കാർ വാടക കെട്ടിടം താമസത്തിനാണ് ഉപയോഗിക്കുന്നതെങ്കിൽ ടി കെട്ടിടത്തിന്റെ യൂസർ ഫീസ് ബന്ധപ്പെട്ട ഗ്രാമസഭ/വാർഡു സഭകളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് പരമാവധി 6 മാസം വരെ ഒഴിവാക്കി നൽകാവുന്നതാണ്. 6 മാസത്തിനു ശേഷം ടി അവസ്ഥ തുടരുകയാണെന്ന് തദ്ദേശ സ്ഥാപന സെക്രട്ടറിയ്ക്ക് ബോധ്യപ്പെട്ടുകയാണെങ്കിൽ പരമാവധി 6 മാസ കാലയളവ് വരെ യൂസർ ഫീസ് ഒഴിവാക്കിയ ഉത്തരവ് നീട്ടി നൽകാവുന്നതാണ്

അഗതി, ആശ്രയ, അതിദരിദ്ര വിഭാഗക്കാർ വാടക കെട്ടിടം വാണിജ്യാവശ്യത്തിനാണ് ഉപയോഗിക്കുന്നതെങ്കിൽ യൂസർ ഫീസ് ഒഴിവാക്കാൻ സാധിക്കുകയില്ല. എന്നാൽ അതിദാരിദ്ര നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി ഉപജീവനം നടത്തുന്ന സംരംഭകരുടെ യൂസർ ഫീസ് ഒരു നിശ്ചിത കാലയളവ് വരെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഒഴിവാക്കി നൽകാവുന്നതാണ്.

മേൽ പറയുന്ന ഭേദഗതികളോടെ പരാമർശ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി 2

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ

എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ

മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം

പ്രോജക്ട് ഡയറക്ടർ , കെ എസ് ഡബ്ല്യൂ എം പി

ഡയറക്ടർ ജനറൽ , കില

എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ

ഡയറക്ടർ(I&PRD),വെബ് & മീഡിയ

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
M.k.pradeesh Kumar
സെക്ഷൻ ഓഫീസർ
Date: 13-12-2023 15:36:10

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്